വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) എൻജിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിനും രണ്ടിനും കൂടി ലഭിച്ച മൊത്തം മാർക്കിനും യോഗ്യത പരീക്ഷയിൽ മാത്തമാക്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/കമ്പ്യൂട്ടർ സയൻസ്/ ബയോടെക്നോളജി/ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ ലഭിച്ച മാർക്ക്/ഗ്രേഡിനും തുല്യ പരിഗണന നൽകുന്നതാണ്. വ്യത്യസ്ത ബോർഡുകളിലെ യോഗ്യത പരീക്ഷയുടെ മാർക്കുകൾ പ്രോസ്പെക്ടസിലെ 9.7.4 (b) (ii) & (iii) എന്നീ വ്യവസ്ഥകളനുസരിച്ച് നോർമലൈസ് ചെയ്തതിനുശേഷമായിരിക്കും പരിഗണിക്കുന്നത്.

(ബി) 2011-ലെ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് ഈ രീതി ബാധകമാക്കിയിട്ടുണ്ട്.

(സി&ഡി) ഗവൺമെന്റ് അംഗീകരിച്ച പ്രോസ്പെക്ടസിലെ 9.7.4 എന്ന വ്യവസ്ഥ പ്രകാരം കേരള ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക് അടിസ്ഥാനമായി കണക്കാക്കി മറ്റു സംസ്ഥാനങ്ങളിലെ ബോർഡുകളിൽ നിന്നുള്ള പരീക്ഷാർത്ഥികളുടെ മാർക്കിനെ കേരള ഹയർ സെക്കണ്ടറിയുമായി താരതമ്യപ്പെടുത്തി പ്രസ്തുത മാർക്കിനു തുല്യമായ മാർക്ക് ശാസ്ത്രീയമായി കണ്ടെത്തുന്ന നോർമലൈസേഷൻ പ്രക്രിയയിലൂടെയാണ് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ/ മറ്റു സംസ്ഥാന ബോർഡുകൾ തുടങ്ങിയവയുടെ മാർക്ക് നോർമലൈസ് ചെയ്യുന്നത്.

(ഇ) നൽകിയിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിൽ മലയാളം നിർബന്ധമാക്കുന്നതിനുള്ള നടപടി

14 (*104) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും മലയാള പഠനം നിർബന്ധമാക്കണമെന്ന ശിപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച ആർ. വി. ജി. മേനോൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ തലത്തിലും മലയാള പഠനം നിർബന്ധമാക്കാൻ ശിപാർശയുണ്ടോ ;

(സി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സെക്കണ്ടറി തലം വരെ മലയാളപഠനം നിർബന്ധമാക്കണമെന്ന് ആർ.വി.ജി. മേനോൻ അദ്ധ്യക്ഷനായ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഹയർ സെക്കണ്ടറിയിൽ എല്ലാ സ്കൂളുകളിലും മലയാളം പഠിക്കാൻ അവസരമൊരുക്കണമെന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷയായി പഠിപ്പിച്ചു വരുന്നത്. അതിനു പകരം ഇംഗ്ലീഷോ മലയാളമോ പഠിക്കാൻ അവസരം നൽകണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

19(*103) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതു ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരമുള്ള സിലബസ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സിലബസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പാഠ്യപദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആദ്യ ഘട്ടം എന്ന നിലയിൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികളാണ് ഈ സമഗ്ര പദ്ധതിയിൻ കീഴിൽ ഇപ്പോൾ വരിക.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly